**കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഹോസ്റ്റലുകളുടെ പ്രവർത്തനം - ഡിപ്പാർട്ട്മെന്റ് ഹാൻഡ്ബുക്ക് - ഗവൺമെന്റ് കോളേജ് ഹോസ്റ്റലുകളിലെ ക്യാഷ്ബുക്ക്, കൺസോളിഡേറ്റഡ് പി.ഡി.രജിസ്റ്റർ എന്നിവയുടെ പരിപാലനം - സംബന്ധിച്ച് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം. വി1/100484/2015/കോവി.വ　　　　തീയതി :14/09/2015.

---

## ഉത്തരവ്

എറണാകുളം എം.സി.ആർ.വി. ഹോസ്റ്റലിൽ നടത്തിയ ഓഡിറ്റ് പരിശോധനയിൽ 31-12-2014 പ്രാബല്യത്തിൽ ട്രഷറിയിൽ മിച്ചമുള്ള തുക 83686/- രൂപയാണ്. ഇതിൽ, ലേഡീസ് ഹോസ്റ്റലിലെ 45 പേയിംഗ് ഇൻമേറ്റ്സിന്റെ കോഷൻ ഡിപ്പോസിറ്റ് ഇനത്തിൽ 45000/- രൂപയും ഇവരുടെ മെസ്സ് അഡ്വാൻസ് തുകയും കാണേണ്ടതുണ്ട്. എന്നാൽ, അത്രയും തുക അക്കൗണ്ടിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ഇതിൽ നിന്നും വ്യക്തമാകുന്നത്, ലേഡീസ് ഹോസ്റ്റലിന്റെ തുക മെൻസ് ഹോസ്റ്റലിലേക്ക് വക മാറ്റി ചെലവഴിച്ചു എന്നാണ്. ഇത്, ഒരു കാരണവശാലും അംഗീകരിക്കാവുന്ന പ്രവണതയല്ല. ഈ പ്രവണത ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഓരോ ഹോസ്റ്റലിനും പ്രത്യേകം പ്രത്യേകം കൺസോളിഡേറ്റഡ് പി.ഡി രജിസ്റ്റർ തയ്യാറാക്കണമെന്നും അതുപ്രകാരമുള്ള തുക മാത്രമേ ചെലവാക്കാൻ പാടുള്ളു എന്നു കർശന നിർദ്ദേശം നലകിയിട്ടുള്ളത്. എന്നിട്ടും, ടി നിർദ്ദേശം ലംഘിച്ചത് വളരെ ഗൗരവമായി വീക്ഷിക്കുന്നു. ഒരേ വാർഡന്റെ കീഴിൽ മെൻസ് ഹോസ്റ്റലും, ലേഡീസ് ഹോസ്റ്റലും പ്രവർത്തിക്കുന്ന മിക്ക ഹോസ്റ്റലുകളുടെയും സ്ഥിതി ഇതുതന്നെയാണന്നാണ് സമീപകാലത്തു നടത്തിയ പരിശോധനകളിൽ ബോദ്ധ്യപ്പെട്ടത്.

ആയതിനാൽ, മേലിൽ, ഇത്തരം പ്രവണത ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി 01-10-2015 മുതൽ ഓരോ ഹോസ്റ്റലിനും പ്രത്യേകം, പ്രത്യേകം ക്യാഷ് ബുക്ക് കൂടി പരിപാലിക്കാൻ നിർദ്ദേശിക്കുന്നു. അതായത്, മെൻസ് ഹോസ്റ്റലിനും, ലേഡീസ് ഹോസ്റ്റലിനും പ്രത്യേകം പ്രത്യേകം ക്യാഷ്ബുക്കുകൾ. മേലിൽ, അതാതു ഹോസ്റ്റലിലെ ക്യാഷ്ബുക്കിലെ തുക, അതാതു ഹോസ്റ്റലിന്റെ കൺസോളിഡേറ്റഡ് പി.ഡി.രജിസ്റ്റർ പ്രകാരം മാത്രമേ ചെലവഴിക്കാവൂ എന്നും ഇതിനാൽ കർശനമായി നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശം പാലിക്കുന്നതിൽ എന്തെങ്കിലും വീഴ്ച പറ്റിയാൽ, ബന്ധപ്പെട്ടവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഡിപ്പാർട്ടുമെന്റ് ഹാൻഡ് ബുക്കിലും തദനുസൃതമായ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഒപ്പ്/-
**എം.നന്ദകുമാർ.ഐ.എ.എസ്**
**കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ**

പകർപ്പ്:-

1. എല്ലാ ഗവൺമെന്റ് കോളേജ്/ട്രിയിനിംഗ് കോളേജ്/
2. സംഗീത കോളേജ്/ലോ കൊളേജ് ഹോസ്റ്റൽ വാർഡൻമാർക്ക്.
3. വാർഡൻ, എം.സി.ആർ.വി ഹോസറ്റൽ, എറണാകുളം
4. സിസ്റ്റം മാനേജർ
5. കരുതൽ ഫയൽ

**അംഗീകാരത്തോടെ**

സൂപ്രണ്ട്

ശ്രീജ/22-09-15